മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുള്ള കേന്ദ്ര ഫണ്ട്

34 (1432) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്കുള്ള കേന്ദ്ര ഫണ്ട് തടഞ്ഞിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണ് തടഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിലുള്ള തൊഴിലാളികൾക്ക് വേതന കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ശമ്പളയിനത്തിൽ എത്ര കോടി രൂപയാണ് ആവശ്യമുള്ളത് ;

(ഡി) ശമ്പള കുടിശ്ശികയിനത്തിൽ ഓരോ ജില്ലയിലും എത്ര യുക വീതം കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. 2015 മാർച്ച് മാസം കുടിശ്ശികയായ വേതനം കൊടുത്ത് തീർക്കാനുണ്ട്.

(സി) 10-3-2015-ലെ കണക്ക് അനുസരിച്ച് 108 കോടി 8 ലക്ഷം രൂപയാണ് കുടിശ്ശികയിനത്തിൽ കൊടുത്ത് തീർക്കാനായി വേണ്ടത്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

റാന്നി നിയോജക മണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി

35 (1433) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ രണ്ട് വർഷങ്ങളിലായി റാന്നി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾ വഴി എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വർഷം, പഞ്ചായത്ത് എന്നിവ തിരിച്ച് പട്ടിക ലഭ്യമാക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly